**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4106** **28-06-2024 - ൽ മറുപടിയ്ക്ക്**

**കോവിഡാനന്തര രോഗങ്ങളെക്കുറിച്ചുള്ള പഠനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീ. ടി. ജെ. വിനോദ്,<br>ഡോ. മാത്യു കുഴൽനാടൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് ബാധിച്ച നിരവധി പേർക്ക് ഹൃദയ സംബന്ധമായ രോഗങ്ങളടക്കം ഉണ്ടാകുന്ന സാഹചര്യത്തെ സംബന്ധിച്ച പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ ഈ പഠനത്തിന്റെ പ്രധാന കണ്ടെത്തലുകൾ എന്താണെന്ന് വിശദമാക്കുമോ; | (എ) | കോവിഡ് ബാധിച്ചവർക്ക് പിന്നീട് ഹൃദയസംബന്ധമായ രോഗങ്ങൾ ഉൾപ്പെടെ ഗുരുതര രോഗങ്ങൾ ഉണ്ടാകുന്നത് കോവിഡ് രോഗത്തിന്റെ അനന്തര ഫലമായാണ് എന്ന് വെളിവാക്കുന്ന ശാസ്ത്രീയ തെളിവുകൾ ഒന്നും തന്നെ ലഭ്യമല്ല. എന്നാൽ ഇത് സംബന്ധിച്ച് ദേശീയവും അന്തർദേശീയവുമായി ലഭ്യമായ വിദഗ്ധാഭിപ്രായങ്ങൾ പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ സ്ഥാപിക്കുന്നതിനും ചികിത്സാ പ്രോട്ടോക്കോൾ തയ്യാറാക്കുന്നതിനും പ്രയോജനപ്പെടുത്തിയിട്ടുണ്ട്.<br><br>സർക്കാർ മെഡിക്കൽ കോളേജുകളിലെ വിവിധ ഡിപ്പാർട്ടുമെന്റുകളിൽ പോസ്റ്റ് ഗ്രാജുവേറ്റ് തീസിസിന്റെ ഭാഗമായി കോവിഡ് പഠനങ്ങൾ നടന്നു വരുന്നു. കേരളത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്ത് കേരള ആരോഗ്യ സർവ്വകലാശാലയുടെ തിരുവനന്തപുരത്തുള്ള സ്കൂൾ ഓഫ് പബ്ലിക് ഹെൽത്ത് മുഖേന ലോംഗ് കോവിഡിനെപ്പറ്റി പഠനം നടത്തുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ട്. |
| (ബി) | പ്രസ്തുത പഠനത്തിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കാമോ? | (ബി) | പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള എല്ലാ ആരോഗ്യസ്ഥാപനങ്ങളിലും ആരംഭിച്ചിരുന്നു. രോഗലക്ഷണം കണ്ടെത്തുന്ന മുറയ്ക്ക് അവ ചികിൽസിക്കുന്നതിനും ഗുരുതര സ്വഭാവമുള്ള രോഗികളെ തുടർ പരിശോധനയ്ക്കായി താലൂക്ക് തലത്തിലും, ജില്ലാ തലത്തിലുമുള്ള സ്പെഷ്യാലിറ്റി ക്ലിനിക്കുകളിലേക്കും റഫർ ചെയ്യുന്നതിനുമാണ് പദ്ധതി വിഭാവനം ചെയ്തിരുന്നത്. 1118 ആശുപത്രികളിലാണ് പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ ആരംഭിച്ചത്. കൂടാതെ ആരോഗ്യ വകുപ്പ് രോഗലക്ഷണങ്ങളെക്കുറിച്ചും, തുടർ |

| | | | |
|---|---|---|---|
| | | | ചികിത്സയെക്കുറിച്ചും അച്ചടി മാധ്യമങ്ങളിലൂടെയും, സോഷ്യൽ മീഡിയയിലൂടെയും ബോധവത്ക്കരണം നടത്തുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ